സെക്രട്ടേറിയറ്റിൽ തീർപ്പാകാനുള്ള ഫയലുകൾ

3 (3) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) 2000-മാണ്ട് മേയ്മാസം 31-ാം തീയതിയിലെ കണക്ക് അനുസരിച്ച് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഓരോ വകുപ്പിലും എത്ര ഫയൽ വീതം പെൻഡിംഗായിട്ടുണ്ട്;

(ബി) ഇവയിൽ 6 മാസത്തിൽ താഴെയും 6 മാസം മുതൽ ഒരു വർഷം വരെയും ഒരു വർഷം മുതൽ രണ്ടു വർഷം വരെയും രണ്ടു വർഷത്തിനു മുകളിലും തീർപ്പാകാത്ത എത്ര ഫയലുകളുണ്ട്;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 2000 മേയ് മുപ്പത്തിയൊന്ന് വരെ മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാർക്കും എത്ര നിവേദനങ്ങൾ വീതം കിട്ടിയിട്ടുണ്ട്; ഈ കാലഘട്ടത്തിൽ മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരും എത്ര ഫയലുകളിൽ തീരുമാനമെടുത്തിട്ടുണ്ട്?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

മന്ത്രിമാരുടെ വിദേശയാത്ര

4 (4) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ മുഖ്യമന്ത്രി ഉൾപ്പെടെ ഏതെല്ലാം മന്ത്രിമാർ വിദേശപര്യടനം നടത്തിയിട്ടുണ്ട്;

(ബി) മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിയും എത്ര പ്രാവശ്യം വീതം വിദേശ പര്യടനം നടത്തിയിട്ടുണ്ട്;

(സി) ഈ വിദേശ പര്യടനങ്ങളിൽ അവരോരുത്തരും ഏതെല്ലാം രാഷ്ട്രങ്ങൾ സന്ദർശിച്ചു;

(ഡി) മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും നടത്തിയ വിദേശ പര്യടനത്തിന്റെ ഉദ്ദേശമെന്തായിരുന്നു;

(ഇ) ഈ പര്യടനങ്ങളുടെ ഫലമായി ഉദ്ദേശങ്ങൾ എത്രമാത്രം സാക്ഷാൽക്കരിക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ.....സി) 1. മുഖ്യമന്ത്രി ; 5 പ്രവശ്യം

അമേരിക്ക,ജർമ്മനി, നെതർലാന്റ്, യു.എ.ഇ., കാനഡ, ഫ്രാൻസ്, ഇറ്റലി, ദോഹ,ഒമാൻ, മസ്കറ്റ്, അബുദാബി, ദുബായ്,കുവൈറ്റ്

LIBRARY ARCHIVES Kerala Legislative Assembly